# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 14 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### സുരക്ഷാക്രമീകരണങ്ങളുമായി ഭക്തജനങ്ങൾ സഹകരിക്കണം: ദേവസ്വം ബോർഡ് പ്രസിഡന്റ്

മകരവിളക്ക് ദർശനത്തിനായെത്തുന്ന ഭക്തജനങ്ങൾ സുരക്ഷാ ക്രമീകരണങ്ങളുമായി സഹകരിക്കണമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ വാസു അഭ്യർഥിച്ചു. വൻജനാവലി എത്തുമെന്ന പ്രതീക്ഷയിൽ സുരക്ഷയ്ക്കായി കൂടുതൽ പോലീസ് സേനാംഗങ്ങളെ വിന്യസിച്ചിട്ടുണ്ട്. മകരവിളക്ക് സമയത്തും ദർശനം കഴിഞ്ഞ് മലയിറങ്ങുമ്പോഴും ഭക്തജനങ്ങൾ നിയന്ത്രണം പാലിക്കണം. അശ്രദ്ധ അപകടത്തിനിടയാക്കും. പോലീസിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

നിലയ്ക്കലിലെ പാർക്കിങ് ഗ്രൗണ്ട് ചൊവ്വാഴ്ച(14-01-2020) ഉച്ചയോടെതന്നെ ഏറെക്കുറെ നിറഞ്ഞുകഴിഞ്ഞു. പോലീസ് നിർദേശിക്കുന്ന സ്ഥലങ്ങളിലല്ലാതെ വാഹനങ്ങൾ പാർക്ക് ചെയ്യരുത്. അങ്ങനെ ചെയ്താൽ ഗതാഗതതടസ്സവും അപകടങ്ങളും ഉണ്ടാകാനിടയാകും. ഭക്തജനങ്ങൾക്കായി, ദേവസ്വം ബോർഡിന്റെ അന്നദാനം ഊർജ്ജിതമാണ്. സന്നിധാനത്തും പരിസരങ്ങളിലും യഥേഷ്ടം ഭക്ഷണശാലകളുമുണ്ട്. ദർശനത്തിനായി വരിയിൽ നിൽക്കുന്നവർക്ക് ഔഷധക്കുടിവെള്ളവും ബിസ്ക്കറ്റും യഥേഷ്ടം നൽകിവരുന്നുണ്ട്. ദർശനം സുഖമമാക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മകരവിളക്ക് മഹോൽസവം വൻവിജയമാക്കാൻ എല്ലാ ഭക്തജനങ്ങളും സഹകരിക്കണമെന്ന് പ്രസിഡന്റ് അഭ്യർഥിച്ചു.

**(പി.ആർ. ശബരി-353)**

## മകരവിളക്ക്: സുരക്ഷാ സംവിധാനം ശക്തമാക്കി

മകരവിളക്കിനെത്തുന്ന ഭക്തരുടെ സൗകര്യാർഥം സന്നിധാനത്ത് സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി. അപകടങ്ങൾ ഒഴിവാക്കാൻ ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ വാസു സന്നിധാനത്ത് ഇന്ന്(14-01-2020) ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ അറിയിച്ചു.

തിരുമുറ്റത്തും പരിസരപ്രദേശങ്ങളിലും മകരജ്യോതി ദർശനത്തിനെത്തുന്നവർക്ക് നിയന്ത്രണം ഏർപ്പെടുത്തും. തിരുമുറ്റത്തേക്ക് സ്റ്റാഫ് ഗേറ്റ് വഴി മാത്രമാകും പ്രവേശനം. പാസ് ലഭിച്ചവർക്ക് 5.15 വരെമാത്രം പ്രവേശനം നൽകും. കൊടിമരത്തിന് സമീപത്തും സോപാനത്തും നിൽക്കുന്നതിന് നിയോഗിക്കപ്പെട്ടവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അതിലുപരിയായി കൂടുതൽപേർക്ക് നിൽക്കാൻ സൗകര്യമില്ലാത്തതിനാൽ പട്ടികയിലില്ലാത്തവർ ഈ ഭാഗങ്ങളിലേക്ക് പ്രവേശനത്തിന് മുതിരരുതെന്ന് പോലീസ് സ്പെഷ്യൽ ഓഫീസർ അറിയിച്ചു. സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും ദേവസ്വം ബോർഡിന്റേയും പ്രവർത്തനം തൃപ്തികരമാണെന്ന് യോഗം വിലയിരുത്തി.

കുറ്റമറ്റ കുടിവെള്ള വിതരണ സംവിധാനമാണ് ശബരിമലയിലും പമ്പയിലും നിലയ്ക്കലിലുമെല്ലാം ഏർപ്പെടുത്തിയിട്ടുള്ളത്. മകരജ്യോതി ദർശനം കാണാൻ അയ്യപ്പപൂങ്കാവനത്തിൽ പർണശാലകൾ കെട്ടി താമസിക്കുന്നവർ ഭക്ഷണം പാചകം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ വനം, പോലീസ്, ഫയർഫോഴ്സ് സ്ക്വാഡുകൾ രാപ്പകൽ ജാഗ്രത പുലർത്തുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനാണ് ഇത്. പുകവലിക്കുന്നവർക്കും മദ്യപിച്ചെത്തുന്നവർക്കും കർശന ശിക്ഷയാണ് നൽകിവരുന്നത്. കാനനപാതകളിലും മറ്റും ഇഴജന്തുക്കളുടെ ശല്യമുണ്ടായാൽ വനംവകുപ്പിന്റെ കൺട്രോൾ റൂമിലെ 04735 202077, 202074 എന്നീ നമ്പരുകളിൽ അറിയിച്ചാൽ അടിയന്തിര സഹായം ലഭിക്കുമെന്ന് യോഗത്തിൽ അറിയിച്ചു.

ദേവസ്വം ബോർഡ് അംഗങ്ങളായ കെ എസ് രവി, എൻ വിജയകുമാർ, ദേവസ്വം കമ്മീഷ്ണർ ബി എസ് തിരുമേനി, ദേവസ്വംബോർഡ് ചീഫ് എൻജിനീയർ കൃഷ്ണകുമാർ, ദേവസ്വം വിജിലൻസ് എസ്.പി. ബിജോയ് പ്രഭാകർ, സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ എസ് സുജിത്ദാസ്,എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമാൻഡന്റ് ജി വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡന്റ് എം ദിനേശ്, സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് വി വിജയമോഹനൻ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

**(പി.ആർ. ശബരി-354)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 14 | 2020 |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664
www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### മകരവിളക്ക് ഇന്ന്: സന്നിധാനം ഒരുങ്ങി

മാസങ്ങൾ നീണ്ട വ്രത ചര്യകൾക്കൊടുവിൽ തങ്ങൾ കാത്തിരുന്ന പുണ്യദിനം വന്നു ചേർന്നതിന്റെ ആനന്ദ നിർവൃതിയിലാണ് ഭക്തർ. വൈകിട്ട് 6.30ന് അയപ്പ വിഗ്രഹത്തിൽ തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന നടക്കും. തുടർന്ന് 6.45ന് പൊന്നമ്പലമേട്ടിൽ മകരവിളക്കും ആകാശത്ത് മകരജ്യോതിയും ദൃശ്യമാകും.

മകരവിളക്ക് ദർശനം സാധ്യമായ പാണ്ടിത്താവളം ,കൊപ്രാക്കളത്തിന് മുൻവശം എന്നിവിടങ്ങളിൽ പർണ ശാലകൾ നിർമിച്ച് ദിവസങ്ങൾക്കു മുൻപെ തമ്പടിച്ചു കഴിഞ്ഞു ഭക്തർ. പച്ചിലകളും ചുള്ളിക്കമ്പുകളും കൊണ്ടാണ് പർണശാലകളിൽ ഏറെയും നിർമിച്ചിട്ടുള്ളത്. ഇതു കൂടാതെ സന്നിധാനത്ത് വാവർ ,അപ്പം അരവണ കണ്ടറിന് സമീപം, അന്നദാന മണ്ഡപം, ഇൻസിനറേറ്റർ, മരക്കൂട്ടം, ശരംകുത്തി, പമ്പയിലെ യു ടേൺ എന്നിവിടങ്ങളിലും ഭക്തർ തമ്പടിച്ചിരിക്കുന്നു. മകര വിളക്ക് ദർശിച്ച ശേഷമാകും സ്വാമിമാർ മടങ്ങുക. ഭക്തജനങ്ങൾക്ക് വിപുലമായ സൗകര്യങ്ങളാണ് ദേവസ്വം ബോർഡിന്റെയും വിവിധ വകപ്പുകളുടെയും നേതൃത്വത്തിൽ ഒതുക്കിയിരിക്കുന്നത്.

**(പി.ആർ. ശബരി-355)**

## ഹരിവരാസനം പുരസ്കാരം ഇന്ന്(ജനുവരി 15) ഇളയരാജയ്ക്ക് സമ്മാനിക്കും

ഹരിവരാസനം 2020-ലെ പുരസ്കാരം പത്മവിഭൂഷൺ ഇസൈ ജ്ഞാനി ഇളയരാജയ്ക്ക് സമ്മാനിക്കും. ശബരിമല അയ്യപ്പസന്നിധിയിലെ വേദിയിൽ മകരവിളക്ക് ദിനമായ ഇന്ന് രാവിലെ ഒൻപത് മണിക്ക് നടക്കുന്ന ചടങ്ങിൽ ദേവസ്വം -സഹകരണം -ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം സമ്മാനിക്കും. സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്നാണ് ഹരിവരാസനം പുരസ കാരം ഏർപ്പെടുത്തിയത്. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഹരിവരാസനം അവാർഡ്. രാജു എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങ് മന്ത്രി ഉദ്ഘാടനം ചെയ്യും.തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ.വാസു ,ബോർഡ് അംഗങ്ങളായ കെ.എസ്.രവി, എൻ.വിജയകുമാർ, ആന്റോ ആന്റണി എം.പി ,ദേവസ്വം കമ്മീഷണർ ബി.എസ്.തിരുമേനി, ദേവസ്വം ഓംബുഡ്സ്മാൻ പി.ആർ.രാമൻ, ശബരിമല സ്പെഷ്യൽ കമ്മീഷണർ മനോജ്, ശബരിമല ഹൈപ്പവർ കമ്മിറ്റി മുൻ ചെയർമാൻ കെ ജയകുമാർ, തുടങ്ങിയവർ സംബന്ധിക്കും. ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ പ്രശസ്തി പത്രം വായിക്കും.അവാർഡ് വിതരണ ചടങ്ങിൽ ഇളയരാജയുടെ സംഗീത വിരുന്നും ഉണ്ടാകും. നടൻ ജയറാം ഉൾപ്പെടെയുള്ള ചലച്ചിത്ര താരങ്ങളും ചടങ്ങിൽ മുഖ്യാതിഥികളായിരിക്കും.

**(പി.ആർ. ശബരി-356)**

## സേഫ്റ്റി വാക് 20-20 , സമ്മാന വിതരണം നടന്നു

ശബരിമല തീർഥാടകരുടെയും പൂങ്കാവനത്തിന്റെയും സുരക്ഷക്കായ് ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് സേഫ്റ്റി വാക് 20 -20 എന്ന സുരക്ഷ ബോധവൽക്കരണ പരിപാടിയുടെ സമ്മാന വിതരണം നടന്നു .പരിപാടിയുടെ ഭാഗമായി ലഘു ലേഖകളും ചോദ്യാവലിയും വിതരണം ചെയ്തിരുന്നു. ശരീരത്തിൽ പൊള്ളലേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ, വസ്ത്രത്തിൽ തീപിടിച്ചാൽ എന്തു ചെയ്യണം, മലകയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം, തുടങ്ങി ചോദ്യാവലിയിൽ അടങ്ങിയിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം പൂരിപ്പിച്ച് നൽകിയവർക്കാണ് അഗ്നിശമന സേനയുടെ വക സമ്മാനം നൽകിയത്. ഒരോ ചേദ്യങ്ങൾക്കും നാല് ഉത്തരങ്ങൾ വീതം നൽകിയിരുന്നു. സുരക്ഷയെ മുൻനിർത്തിയുള്ള 20 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിലാണ് വിതരണം ചെയ്തത്.എല്ലാ ഭാഷകളിൽ നിന്നും ശരിയുത്തരമയച്ചവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് പ്രോത്സാഹന സമ്മാനം ലഭിച്ചത്.

അഗ്നി സുരക്ഷാ മാർഗങ്ങളെപ്പററി തീർഥാടകരിൽ അവബോധം സൃഷ്ടിക്കുന്നതിനും പൂങ്കാവനത്തിന്റെ സുരക്ഷയെ മുൻനിർത്തിയുമാണ് പരിപാടി സംഘടിപ്പിച്ചതെന്ന് സന്നിധാനം അഗ്നിശമന സേന സ്പെഷ്യൽ ഓഫീസർ എസ് എൽ ദിലീപ് പറഞ്ഞു. ശബരിമല സ്പെഷ്യൽ കമ്മിഷണർ എസ് മനോജ്, എക്സിക്യൂട്ടീവ് ഓഫീസർ വി. എസ് രാജേന്ദ്രപ്രസാദ്, സന്നിധാനം ഫയർ സ്റ്റേഷൻ ഓഫീസർ കെ വി ശിവദാസൻ , അഗ്നിശമന സേനാംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**(പി.ആർ. ശബരി-357)**

## ഉജ്ജെനിയിൽ നിന്നും ഏഴാംവട്ടവും നടന്നെത്തി രവീന്ദ്രസ്വാമി

ഉത്തരേന്ത്യൻ സംസ്ഥാനമായ മധ്യപ്രദേശിൽ നിന്നും ഏഴാം തവണയും നടന്നെത്തിയ രവീന്ദ്രറെഡ്ഡിക്ക് സന്നിധാനത്ത് ആവേശകരമായ വരവേൽപ്പ്. നടന്നെത്തുന്ന വിവരമറിഞ്ഞ് അയ്യപ്പന്മാരാണ് റെഡ്ഡിസ്വാമിയെ ഭക്തിയോടെ വരവേറ്റത്. ഉജ്ജെനിയിൽ സിവിൽ കോൺട്രാക്ടറായ റെഡ്ഡി മല ചവിട്ടുന്നത് 11 തവണയാണ്. ഏഴുവർഷം നടന്ന് ഒപ്പമെത്തിയ ഗുരുസ്വാമി രാജുവാകട്ടെ അസുഖത്തെ തുടർന്ന് ഇക്കുറി എത്തിയില്ല. കൂട്ടില്ലെങ്കിലും സ്വാമി ദർശനത്തിൽനിന്ന് പിന്നോട്ടില്ലെന്ന് ഉറച്ച് ഏകനായി എത്തിയതിനാണ് റെഡ്ഡിക്ക് ഭക്തരുടെ വരവേൽപ്പ്.

മധ്യപ്രദേശിലെ ഓംകാരേശ്വര സപ്തശൃംഗി, മഹാരാഷ്ട്രയിലെ യോഗീശ്വർ ദേവി, ആന്ധ്രയിലെ സിദ്ധി വിനായക, തമിഴ്നാട്ടിലെ തിരുവണ്ണാമല, ശ്രീരംഗം, തിരുച്ചി തുടങ്ങി 25ൽപ്പരം ക്ഷേത്രങ്ങളിൽ ദർശനം നടത്തിയാണ് 4700 കിലോമീറ്ററോളം താണ്ടി സ്വാമിയെത്തിയത്. കഴിഞ്ഞവർഷം സെപ്റ്റംബർ രണ്ടിന് യാത്ര തുടങ്ങുമ്പോൾ നാട്ടിൽ മഴ എത്തണമേയെന്ന പ്രാർഥന മാത്രമായിരുന്നു മനസിൽ. വരും വഴിയിൽ ഇടയ്ക്ക് സന്തോഷവാർത്ത എത്തിയതായി റെഡ്ഡി പറഞ്ഞു; നാട്ടിൽ മഴ പെയ്തെന്ന്. ഗുരുസ്വാമിയുമായി അടുത്തവർഷം വീണ്ടും ദർശനത്തിനെത്താമെന്ന പ്രതീക്ഷയിലാണ് റെഡ്ഡിസ്വാമി.

**(പി.ആർ. ശബരി–358)**

## നിലയ്ക്കലിൽ കഞ്ചാവുമായി പിടിയിൽ

നിലയ്ക്കലിൽ അയപ്പ തീർഥാടകരുടെ വാഹന പാർക്കിംങ് പരിസരത്തുനിന്ന് 22 ഗ്രാം കഞ്ചാവുമായി യുവാവ് എക്സൈസിന്റെ പിടിയിലായി. ബാംഗ്ലൂർ തുംകൂർ ദാസറഹള്ളി സ്വദേശി ബി കെ മഞ്ചുനാഥാണ് അറസ്റ്റിലായത്. പ്രതിയെ റാന്നി ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയതായി നിലയ്ക്കൽ എക്സൈസ് റേഞ്ച് സർക്കിൾ ഇൻസ്പെക്ടർ എ ജി പ്രകാശ് അറിയിച്ചു. തുടർന്ന് നിലയ്ക്കലിലും പരിസര പ്രദേശങ്ങളിലും നടത്തിയ വിവിധ റെയ്ഡുകളിലായി പത്ത് കിലോ നിരോധിത പുകയില ഉൽപ്പന്നങ്ങളും പിടിച്ചെടുത്തു.

**(പി.ആർ. ശബരി–359)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.